# Malayala Manorama

## 19 August 2018

## Aluva, Relief Camps, Flood Victims

### ആലുവയിലെ ക്യാംപുകളിൽ പതിനായിരത്തോളം പേർ

ആലുവ ● നഗരത്തിലും പരിസരത്തുമുള്ള ദുരിതാശ്വാസ ക്യാംപുകളിൽ അവശേഷിക്കുന്നതു പതിനായിരത്തോളം പേർ. റോഡുകളിൽനിന്നു വെള്ളമിറങ്ങി ഗതാഗത സൗകര്യം ലഭ്യമായപ്പോൾ കുറേപ്പേരെ മാറ്റിപ്പാർപ്പിച്ചിരുന്നു. ചിലർ ബന്ധുവീടുകളിലും മറ്റും അഭയംതേടി. അതിനു ശേഷമുള്ള കണക്കാണിത്. ക്യാംപുകളും ആളുകളുടെ എണ്ണവും: യുസി കോളജ് (6000), മംഗലപ്പുഴ സെമിനാരി (1300), റൊഗേഷനിസ്റ്റ് സെമിനാരി (650), ഗവ. ഗേൾസ് എച്ച്എസ്എസ് (676), ഗവ. ബോയ്സ് എച്ച്എസ്എസ് (900), പുളിഞ്ചോട് സേവാ ഭാരതി (169). ബ്ലീച്ചിങ് പൗഡർ, വയറിളക്കത്തിനും എലിപ്പനിക്കുമുള്ള മരുന്ന് എന്നിവ ക്യാംപുകളിൽ വിതരണം ചെയ്തു. ഡീസൽ ഇല്ലാത്തതിനാൽ പലയിടത്തും ജനറേറ്റർ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. മെഴുകുതിരി ലഭ്യമല്ല. ക്യാംപ് അംഗങ്ങളിൽ ഡയാലിസിസ് ആവശ്യമുള്ളവർക്ക് അതിനുള്ള സൗകര്യം ജില്ലാ ആശുപത്രിയിൽ ഏർപ്പെടുത്തി. കഴിഞ്ഞ രണ്ടു ദിവസം അതിനു കഴിഞ്ഞില്ല. ജില്ലാ ആശുപത്രിയിലെ പാചകവാതക സിലിണ്ടറുകൾ ഇതിനിടെ കാലിയായി. പുതിയ സിലിണ്ടറുകൾ എത്തിയില്ലെങ്കിൽ കിടപ്പു രോഗികൾക്കു ഭക്ഷണം മുടങ്ങും.